# Dakshina Kerala Jam-iyyathul Ulama

ജുമുഅ പ്രഭാഷണം " **തൗഹീദ്** "(23/9/16)

وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ آزَرَ أَتَتَّخِذُ أَصْنَامًا آلِهَةً إِنِّي أَرَاكَ وَقَوْمَكَ فِي ضَلَالٍ مُبِينٍ (٧٤) وَكَذَلِكَ نُرِي إِبْرَاهِيمَ مَلَكُوتَ السَّمَاوَاتِ وَالْأَرْضِ وَلِيَكُونَ مِنَ الْمُوقِنِينَ (٧٥) (الأنعام)

- ദുൽഹജ്ജിന്റെ ഭാഗമായി ഇബ്റാഹീമീ മില്ലത്തിനെ കുറിച്ചാണ് നാം പറഞ്ഞു വന്നത്.
- ഇബ്റാഹീം നബി(അ)യുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയ വിഷയം തൗഹീദായിരുന്നു. തൗഹീദിന്റെ പ്രബോധനത്തിന് ഏറ്റവും ത്യാഗം സഹിച്ച ഒരു പ്രവാചകരായിരുന്നു അദ്ദേഹം.
- ശിർക്ക് നിറഞ്ഞ ഒരു സമൂഹത്തിലും രാഷ്ട്രത്തിലുമാണ് അദ്ദേഹം ജനിച്ച് വളർന്നത്. (ബാബിലോണിയ)

كَانَ أَهْلُ بَابِلَ قَوْمًا صَابِئِينَ يَعْبُدُونَ الْكَوَاكِبَ السَّبْعَةَ وَيُسَمُّونَهَا آلِهَةً وَيَعْتَقِدُونَ أَنَّهَا الْفَعَّالَةُ لِكُلِّ مَا فِي الْعَالَمِ ، وَهُمُ الَّذِينَ بُعِثَ إِلَيْهِمْ إِبْرَاهِيمُ عَلَيْهِ السَّلَامُ.(فتح الباري)

- അതിലുപരി ആസറിന്റെ സംരക്ഷണത്തിലാണ് അദ്ദേഹം വളർന്നു വന്നത്.* അദ്ദേഹം വിഗ്രഹം ഉണ്ടാക്കി വിൽക്കുന്ന മനുഷ്യനായിരുന്നു. ഇങ്ങനെ കുടുംബം/സമൂഹം/രാഷ്ട്രം മുഴുവനും ശിർക്കിൽ പൂണ്ട് പിടിച്ച അവസ്ഥ.
- എന്നാൽ അല്ലാഹു അദ്ദേഹത്തെ പ്രവാചകരായി തെരഞ്ഞെടുത്തു. കൂരിരുളിന്റെ നടുവിൽ നിന്ന് പ്രകാശകിരണങ്ങൾ ഉദിച്ചുയർന്നു.

اللَّهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُ ۗ(الأنعام ١٢٤)

- നക്ഷത്ര ആരാധകരായ ആ ജനതയോട് അതിന്റെ കഴിവുകേട് ശാസ്ത്രീയമായി അവതരിപ്പിച്ചു.

فَلَمَّا جَنَّ عَلَيْهِ اللَّيْلُ رَأَىٰ كَوْكَبًا ۖ قَالَ هَٰذَا رَبِّي ۖ فَلَمَّا أَفَلَ قَالَ لَا أُحِبُّ الْآفِلِينَ* فَلَمَّا رَأَى الْقَمَرَ بَازِغًا قَالَ هَٰذَا رَبِّي ۖ فَلَمَّا أَفَلَ قَالَ لَئِن لَّمْ يَهْدِنِي رَبِّي لَأَكُونَنَّ مِنَ الْقَوْمِ الضَّالِّينَ* فَلَمَّا رَأَى الشَّمْسَ بَازِغَةً قَالَ هَٰذَا رَبِّي هَٰذَا أَكْبَرُ ۖ فَلَمَّا أَفَلَتْ قَالَ يَا قَوْمِ إِنِّي بَرِيءٌ مِّمَّا تُشْرِكُونَ (الأنعام ٧٦-٧٨)

---

*ആസർ പിതാവാണെന്നും വളർത്തുപിതാവാണെന്നും രണ്ട് അഭിപ്രായമുണ്ട്.

وأخرج إبن أبي شيبة وابن المنذر وابن أبي حاتم من طرق بعضها صحيح عن مجاهد قال:ليس آزر ابا لإبراهيم . وأخرج ابن المنذر بسند صحيح عن ابن جريج في قوله (وإذ قال إبراهيم لأبيه آزر)قال:ليس آزر أبا إبراهيم (الحاوي للسيوطي٢/١١٤)

(ഇത് വിഷയം മനസ്സിലാക്കാനുള്ളതാണ്. പ്രഭാഷണ ഭാഗമല്ല.)

➢പക്ഷേ തൗഹീദിന്റെ പേരിൽ കടുത്ത പരീക്ഷണങ്ങളെ നേരിടേണ്ടി വന്നു. സ്വന്തം വീട്ടിൽ നിന്നു പോലും പുറത്താക്കപ്പെട്ടു.

قَالَ أَرَاغِبٌ أَنتَ عَنْ آلِهَتِي يَا إِبْرَاهِيمُ ۖ لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ ۖ وَاهْجُرْنِي مَلِيًّا (مريم/٤٦)

➢ എന്നാൽ അവസാനം റബ്ബിന്റെ സഹായം വന്നു ചേർന്നു.

قُلْنَا يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ* وَأَرَادُوا بِهِ كَيْدًا فَجَعَلْنَاهُمُ الْأَخْسَرِينَ (الأنبياء٦٩/٧٠)

➢ ഈ മഹാപാഠമാണ് ഇബ്റാഹിം നബി(അ)യിലൂടെ അല്ലാഹു നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

➢ യഥാർത്ഥത്തിൽ ദീനിന്റെ അടിത്തറയാണ് തൗഹീദ്. 3 കാര്യം വിശ്വസിക്കുന്നതിനാണ് തൗഹീദ് എന്നു പറയുക. ദാത്ത്/സ്വിഫാത്ത്/അഫ്ആൽ ഇവയിൽ അല്ലാഹു ഏകനാണെന്ന് വിശ്വസിക്കുക.

1-ദാത്തിലെ തൗഹീദ് (സത്തയിലെ ഏകത്വം)

ഇതിന് 2 വശങ്ങളുണ്ട്. 1.അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹ് ഇല്ലെന്ന് വിശ്വസിക്കൽ. ഈസാനബി(അ)നെക്കുറിച്ച് ക്രിസ്ത്യാനികൾ/ഉസൈർ(അ)നെക്കുറിച്ച് ജൂതന്മാർ വിശ്വസിച്ചതുപോലെ. (വിശദീകരിക്കുക.)

وَقَالَتِ الْيَهُودُ عُزَيْرٌ ابْنُ اللَّهِ وَقَالَتِ النَّصَارَى الْمَسِيحُ ابْنُ اللَّهِ ۖ ذَٰلِكَ قَوْلُهُم بِأَفْوَاهِهِمْ ۖ (التوبة ٣٠)

2. വ്യക്തികളിലോ വസ്തുക്കളിലോ അല്ലാഹു അവതരിക്കുകയോ കുടികൊള്ളുകയോ ഇല്ലെന്ന് വിശ്വസിക്കൽ. ഇതിനെതിരാണ് അവതാരവിശ്വാസം. ഹൈന്ദവ സങ്കൽപ്പംപോലെ. അദ്വൈത സിദ്ധാന്തം പോലെ. പ്രപഞ്ചത്തിലെ എല്ലാത്തിലും ദൈവാംശമുണ്ടെന്ന വിശ്വാസമാണ് അദ്വൈതം. അദ്വൈതം=ദ്വൈതമില്ല. അഥവാ രണ്ടല്ല. പ്രപഞ്ചവും ദൈവവും ഒന്നാണ്. ഇത് ശിർക്കാണ്.

ആൾദൈവസങ്കൽപ്പവും ഇതിന്റെ ഭാഗമാണ്. അത്തരക്കാരെ അംഗീകകിക്കാവതല്ല. കാര്യസാധ്യത്തിനായി സമീപിക്കാനും പാടില്ല.

➢ എന്നാൽ അമ്പിയാക്കൾ ഔലിയാക്കൾ അസാധാരണക്കാരാണെന്ന് നാം വിശ്വസിക്കുന്നു. അതിന്റെ അർത്ഥം അവരിൽ ദൈവീക അംശമോ അവതാരമോ ഉണ്ടെന്നല്ല. നബി(സ്വ)യെക്കുറിച്ച് പോലും നാം വിശ്വസിക്കുന്നത് അല്ലാഹുവിന്റെ അടിമ എന്നാണ്.

وَ أَشْهَدُ أَنَّ مُحَمَّدا عَبْدُهُ وَرَسُولُهُ

➢ അവർ അസാധാരണക്കാരാണ് എന്നതിന്റെ അർത്ഥം. (I).സാധാരണക്കാർ എത്താത്ത ഉയർന്ന പദവിയിൽ എത്തിയവർ എന്നാണ്. (II).സാധാരണക്കാരെക്കൊണ്ട് കഴിയാത്ത കാര്യങ്ങൾ പ്രവർത്തിക്കുന്നവർ എന്നുമാണ്. ഇതിനാണ് മുഅ്ജിസത്ത്, കറാമത്ത് എന്നു പറയുന്നത്. ഉദാ: ഇബ്റാഹിം(അ) തീയിൽ നിന്നിറങ്ങി വന്നു. ജുറൈജ്(റ) കുട്ടിയെ കൊണ്ട് സംസാരിപ്പിച്ചു. (ബുഖാരി). അല്ലാഹു വിചാരിക്കാതെ അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ചുരുക്കം നബി/വലിയ്യ്/മുഅ്ജിസത്ത് കറാമത്ത് ഇതൊന്നും തൗഹീദിനെതിരല്ല. അതിനപ്പുറം അവതാര/ആൾദൈവസങ്കൽപ്പം തൗഹീദിനെതിരാണ്. ഇത്തരം വിശ്വാസത്തിൽ നാം ഉറപ്പുള്ളവരാകുക. ദുൻയാവിന്റെയും ആഖിറത്തിന്റെയും വിജയത്തിന് അനിവാര്യം.

(ബാക്കി അടുത്ത ആഴ്ച ഇ. അ:)

NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)

തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648